## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 4764

05.02.2014 ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിൽ നിന്നുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിൽ നിന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ ലഭിക്കുന്നതെന്നും, പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അപേക്ഷിക്കേണ്ട രീതിയും വ്യക്തമാക്കാമോ; അപേക്ഷാഫോമിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രാരംഭഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സ്വയം തൊഴിൽ സംരംഭ വായ്പ, മഹിളാ സമൃദ്ധി യോജന, നിതാഖാത്ത് മൂലം നാട്ടിൽ തിരിച്ചെത്തിയവർക്കായി പ്രവാസി വായ്പാ പദ്ധതി, മൈക്രോഫിനാൻസ് വായ്പ, തുടങ്ങിയവ ആരംഭിച്ചിട്ടുള്ളതും അതിനായി അപേക്ഷ സ്വീകരിച്ചു വരികയുമാണ്. ഫെബ്രുവരി 15 ആണ് അപേക്ഷിക്കുന്നതിനുള്ള അവസാന തീയ്യതി. കോർപറേഷന്റെ വിവിധ പദ്ധതികളിൽ നിന്ന് വായ്പ ലഭിക്കാനായി കേന്ദ്ര സർക്കാറും ദേശീയ ന്യൂനപക്ഷ കമ്മീഷനും മത ന്യൂനപക്ഷങ്ങളായി അംഗീകരിച്ചിട്ടുള്ള മുസ്ലിം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, പാഴ്സി, എന്നീ വിഭാഗങ്ങളിൽ നിന്നുള്ളവർക്കാണ് കോർപ്പറേഷന്റെ അനുകൂല്യങ്ങൾ ലഭിക്കുക. ഗ്രാമീണ മേഖലയിൽ 83,000 രൂപയും നഗരങ്ങളിൽ 1,03,000 രൂപയുമാണ് കുടുംബ വാർഷിക വരുമാന പരിധി. 36 മാസം മുതൽ 84 മാസം വരെയാണ് എല്ലാ വായ്പകളുടെയും തിരിച്ചടവിന്റെ പരമാവധി കാലാവധി. അപേക്ഷാഫോമും വിശദവിവരങ്ങളും www.ksmdfc.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |
| ബി) ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ പുതിയ പദ്ധതികൾ ആരംഭിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളാണ് പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ബി) രണ്ടാം ഘട്ടത്തിൽ താഴെപ്പറയുന്ന പദ്ധതികളാണ് കോർപ്പറേഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br>1. വിദ്യാഭ്യാസ വായ്പ (ഗവൺമെന്റ് അംഗീകൃത ടെക്നിക്കൽ, പ്രൊഫഷണൽ ഡിപ്ലോമ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക്)<br>2. പെൺകുട്ടികളുടെ വിവാഹ വായ്പ<br>3. ഭൂ രഹിതർക്ക് ഭവന വായ്പ<br>4. വിദ്യാർത്ഥികൾക്കുള്ള കംപ്യൂട്ടർ/ലാപ്ടോപ് വായ്പ<br>5. ഭവന പുനരുദ്ധാരണ വായ്പ<br>6. ഉദ്യോഗസ്ഥർക്കുള്ള വാഹന/ കൺസ്യൂമർ വായ്പ<br>7. ബിസ്സിനസ്സ് പ്രവർത്തന മൂലധന വായ്പ |

സെക്ഷൻ ഓഫീസർ